## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 851** **28.04.2017-ൽ മറുപടിക്ക്**

**തൈക്കാട് - അടൂർ മാതൃകാ സുരക്ഷാ കോറിഡോർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) തൈക്കാട് (വെഞ്ഞാറമൂട്) - അടൂർ റോഡ്, മാതൃകാ റോഡ് സുരക്ഷാ കോറിഡോറായി മാറ്റുന്നതിന്റെ ഭാഗമായി വെഞ്ഞാറമൂട് ജംഗ്ഷനിൽ നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡ് വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോ; | (എ) വെഞ്ഞാറമൂട് ജംഗ്ഷൻ വികസനം നടപ്പിലാക്കുന്നതിനുവേണ്ടി, താലൂക്ക് സർവ്വേയറെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തി റോഡ് അതിർത്തി അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കഴക്കൂട്ടം - അടൂർ എം.സി റോഡിലെ കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത റോഡ് മാതൃകാ സുരക്ഷാ കോറിഡോറായി മാറ്റുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ? | (ബി) പ്രസ്തുത പദ്ധതി M/s GHV EKK (JV)എന്ന കമ്പനി 05.12.2016-ൽ എഗ്രിമെന്റ് വച്ച് 28.12.2016-ൽ പ്രവൃത്തികൾ ആരംഭിച്ചു. ജംഗ്ഷനുകളുടെ വികസനം ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി 27.04.2018 ആണ്. തകരാറിലായ ഏനാത്ത് പാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഓടകളുടെ ക്ലീനിംഗ് പൂർത്തിയായി വരുന്നു. പുതിയ ഓടകളുടെ നിർമ്മാണം നടന്നു വരുന്നു. ടാറിംഗിനായി പ്ലാന്റ് സ്ഥാപിക്കൽ, മെറ്റൽ ശേഖരണം തുടങ്ങിയവ പുരോഗമിക്കുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ